പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1308

06-03-2018 ൽ മറുപടിക്ക്

## ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല

ചോദ്യം

ശ്രീ. ആർ. രാജേഷ്

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br><br><br>(ബി) | 2016-2017 ലെ ബഡ്ജറ്റിൽ "ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല" എന്ന പ്രഖ്യാപനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | ഓണാട്ടുകരയെ പ്രത്യേക കാർഷിക മേഖല എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>2017-2018 വർഷത്തിൽ പ്രത്യേക കാർഷിക മേഖലാ വികസനത്തിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഓണാട്ടുകര പ്രത്യേക കാർഷിക മേഖലയ്ക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിക്കപ്പെട്ട തുകയുടെ വിശദ വിവരം ലഭ്യമാക്കുമോ? | (സി) | ഓണാട്ടുകര പ്രത്യേക കാർഷിക മേഖലയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ